DESPATCHED
On...03/06/2020

29/02/2020




സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,
തിരുവനന്തപുരം 695 001
ഫോൺ: 0471 2561603, ഫാക്സ്: 0471 2330920
E-mail: sic.ker@nic.in


## ഹർജി നമ്പർ AP No.1160(4)/2018/എസ്.ഐ.സി.

തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം

(ഫയൽ നം.5270/എസ്.ഐ.സി–ജി 2/2018)

ശ്രീ. കെ.വി. സുധാകരൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ

ശ്രീ. രഞ്ജീഷ്. ടി.പി,
തെക്കേപ്പാട്ട് വീട്,
കള്ളാടിപ്പാറ– 679 313. } അപ്പീൽ ഹർജിക്കാരൻ

Vs

1. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ &
   സെക്രട്ടറി,
   ഓങ്ങല്ലൂർ ഗ്രാമപഞ്ചായത്ത്,
   കള്ളാടിപ്പറ്റ പി.ഒ– 679 313.

2. അപ്പീൽ അധികാരി &
   പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടർ,
   പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടറുടെ കാര്യാലയം,
   പാലക്കാട്.

} എതിർകക്ഷികൾ

| | |
|---|---|
| 6(1) അപേക്ഷ നൽകിയ തീയതി | 09.12.2017 |
| മറുപടി ലഭ്യമാക്കിയ തീയതി | 09.01.2018 |
| ഒന്നാം അപ്പീൽ അപേക്ഷ നൽകിയ തീയതി | 29.01.2018 |
| മറുപടി ലഭ്യമാക്കിയ തീയതി | 16.02.2018 |
| രണ്ടാം അപ്പീൽ അപേക്ഷ നൽകിയ തീയതി | 15.05.2018 |
| കമ്മീഷനിൽ അപ്പീൽ ലഭ്യമായ തീയതി | 19.05.2018 |

<u>ഉത്തരവ്</u>

വിധവകളുടെ പെൺമക്കൾക്കു നൽകുന്ന വിവാഹധനസഹായ വുമായി ബന്ധപ്പെട്ട വിവരങ്ങൾ അറിയുന്നതിന് 19.12.2017 ൽ ഒന്നാം എതിർകക്ഷിക്കു നൽകിയ വിവരാവകാശ അപേക്ഷയ്ക്ക് പൂർണ്ണവും കൃത്യവുമായ മറുപടി ലഭിച്ചില്ല എന്നതാണ് അപ്പീൽ ഹർജിക്കാരന്റെ പരാതി. ഇതിൽത്തന്നെ 23.02.2015 ന് Inward No. 1158 എന്ന അപേക്ഷയിന്മേൽ സ്വീകരിച്ച നടപടിയെന്ത് എന്നതിന് മറുപടി ലഭിച്ചില്ല എന്നത് പ്രത്യേകം പറയുന്നുമുണ്ട്.

2. ഇതുമായി ബന്ധപ്പെട്ട് കമ്മീഷൻ 09.02.2019 ൽ പാലക്കാട് കളക്ടറേറ്റിലെ വീഡിയോ കോൺഫ്രൻസ് സംവിധാനം വഴി ഹിയറിംഗ് നടത്തി. അപ്പീൽ ഹർജിക്കാരനും, ഒന്നാം എതിർകക്ഷിയും ഹിയറിംഗിൽ പങ്കെടുത്തു.

3. വിവാഹധനസഹായത്തിനായി നൽകിയ അപേക്ഷ കാണുന്നില്ലെന്നാണ് ഒന്നാം എതിർകക്ഷി പറയുന്നതെന്നും, ഓഫീസിൽ തെരച്ചിൽ നടത്തി ലഭ്യമായ വിവരങ്ങൾ ഉത്തരവ് ലഭിച്ച് ഏഴു ദിവസത്തിനകം നൽകണമെന്ന് ഒന്നാം അപ്പീലധികാരി നിർദ്ദേശിച്ചിട്ടും തനിക്ക് രണ്ടാമത്തെ ചോദ്യത്തിനുള്ള കൃത്യമായ മറുപടി ലഭിച്ചില്ലെന്ന് അപ്പീൽ ഹർജിക്കാരൻ മൊഴി നൽകി.

4. ഹിയറിംഗിനു മുമ്പേ തന്നെ ഒന്നാം അപ്പീലധികാരി വിശദമായ റിപ്പോർട്ട് കമ്മീഷന് നൽകുകയുണ്ടായി. അപ്പീൽ ഹർജിക്കാരന്റെ അപേക്ഷയിലെ ആറു ചോദ്യങ്ങളിൽ, ചോദ്യം 2 ഒഴികെയുള്ളവയ്ക്ക് എസ്.പി.ഐ.ഒ മറുപടി നൽകിയതാണെന്ന് റിപ്പോർട്ടിൽ വ്യക്തമാക്കി. ഇതു കണ്ടെത്തി ഏഴു ദിവസത്തിനുള്ളിൽ നൽകണ

RIGHT TO INFORMATION

മെന്ന് താൻ ഉത്തരവിറക്കിയിരുന്നതാണെന്നും (16.02.2018) ടിയാൻ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഇതനുസരിച്ച്, അപേക്ഷ കണ്ടെത്തി വിവരങ്ങൾ നൽകിയതായി പറയാൻ ഹിയറിംഗിൽ പങ്കെടുത്ത ഒന്നാം എതിർകക്ഷിക്ക് കഴിഞ്ഞിട്ടുമില്ല.

5. ഇതിൽ നിന്ന് പരാമർശിത കാലയളവിലെ എസ്.പി.ഐ.ഒ ഉത്തരവാദിത്വം കാട്ടിയിട്ടില്ല എന്നാണ് കമ്മീഷന്റെ വിലയിരുത്തൽ. ആയതുകൊണ്ട് ഈ ഉത്തരവ് കൈപ്പറ്റി രണ്ടാഴ്ചയ്ക്കുള്ളിൽ ടി അപേക്ഷ കണ്ടെത്തി അതിന്മേൽ സ്വീകരിച്ച നടപടി സംബന്ധിച്ച് അപ്പീൽ ഹർജിക്കാരന് കൃത്യമായ വിവരം (രേഖകൾ ആവശ്യമുണ്ടെങ്കിൽ അതിന്റെ പകർപ്പും) നൽകേണ്ടതാണ്. വിവരം കമ്മീഷനെ അറിയിക്കുകയും വേണം.

6. ഉത്തരവാദിത്വത്തോടെ മറുപടി നൽകാതിരുന്നതിനുള്ള വിശദീകരണവും (പരാമർശിത കാലയളവിലെ എസ്.പി.ഐ.ഒ യുടേത്) മേല്പറഞ്ഞ കാലയളവിനുള്ളിൽ കമ്മീഷന് ലഭ്യമാക്കേണ്ടതാണ്.

7. ഇപ്രകാരം അപ്പീൽ ഹർജി ഇന്നേദിവസം 29.02.2020 ന് താൽക്കാലികമായി തീർപ്പാക്കി ഉത്തരവാകുന്നു.

(ഒപ്പ്)

**കെ.വി. സുധാകരൻ,**
**സംസ്ഥാന വിവരാവകാശ കമ്മീഷണർ**

**സാക്ഷ്യപ്പെടുത്തിയ പകർപ്പ്**

**കമ്മീഷൻ സെക്രട്ടറി**

STATE INFORMATION COMMISSION KERALA, THIRUVANANTHAPURAM

re